

കേരള സർക്കാർ, തദ്ദേശസ്വയംഭരണ വകുപ്പ്

നവകേരളത്തിലേക്ക് 2

മണ്ണിനൊപ്പം മനുഷ്യനൊപ്പം


ജനകീയ വികസന നേട്ടങ്ങളുടെ രണ്ടു വർഷം





ജനകീയാസൂത്രണത്തിൽ
ജാതി-മത-കക്ഷി പരിഗണന ഉണ്ടായിക്കൂടാ.
എല്ലാ ജാതികളിലും എല്ലാ മതവിഭാഗങ്ങളിലും
എല്ലാ രാഷ്ട്രീയ പാർട്ടികളിലും പെട്ടവർ
താന്താങ്ങളുടെ ജാതി-മത-കക്ഷി പരിഗണനകൾ
മാറ്റിവച്ച്, കേരളത്തെ സാമൂഹ്യമായും സാംസ്കാരികമായും
സാമ്പത്തികമായും പുരോഗമിപ്പിക്കുന്നതിനുവേണ്ടി ഒന്നിച്ചുനിന്ന്
പ്രവർത്തിക്കണം.

ഇ എം എസ് (1996)



നവകേരളത്തിലേക്ക്

കേരളം മുന്നോട്ട്



മുന്നേറാം മികവിൽ നിന്ന് കൂടുതൽ മികവിലേക്ക്

കേരളത്തിലെ തദ്ദേശസ്വയംഭരണ രംഗം മാറ്റത്തിന്റെ പാതയിലാണ്. വികസന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും നവീന ആശയങ്ങൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുമ്പെങ്ങുമില്ലാത്തവിധം മികവ് പുലർത്തുന്നു. പാർപ്പിട സുരക്ഷ, സാമൂഹ്യ സുരക്ഷ, കൃഷി, മൃഗസംരക്ഷണം, സൂക്ഷ്മ സംരംഭ വികസനം, പരിസ്ഥിതി സംരക്ഷണം, സ്ത്രീ ശാക്തീകരണം തുടങ്ങിയ രംഗങ്ങളിൽ കേരളത്തിലെ പ്രാദേശിക സർക്കാരുകൾ കൈവരിച്ച നേട്ടങ്ങൾ രാജ്യത്തിനാകെ മാതൃകയാണ്.

സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ഈ ബുക്ക്‌ലെറ്റ് സാമൂഹ്യക്ഷേമത്തിന്റെയും പരിസ്ഥിതി സൗഹൃദ സുസ്ഥിര വികസനത്തിന്റെയും സന്ദേശം ശക്തിപ്പെടുത്താനും വികസന പ്രവർത്തനങ്ങളിലേക്ക് കൂടുതൽ പേരെ ആകർഷിക്കാനും സഹായകമാവട്ടെ എന്ന് ആശംസിക്കുന്നു.

പിണറായി വിജയൻ
മുഖ്യമന്ത്രി

ജനങ്ങൾ നേട്ടങ്ങളുടെ നേരവകാശികൾ

സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പിന്റെ രണ്ടു വർഷത്തെ ഭരണനേട്ടങ്ങളുടെ നേരവകാശികൾ ജനങ്ങളാണ്. ജനങ്ങൾക്കു വേണ്ടി ജനങ്ങളുടെ തീരുമാനങ്ങൾ അവരിലൂടെ നടപ്പിലാക്കുകയെന്ന സമീപനത്തിന്റെ കൂടി വിജയമാണ് ഈ നേട്ടങ്ങൾ. ശുചിത്വപരിപാലനം, പ്രകൃതിസംരക്ഷണം എന്നീ രംഗങ്ങളിൽ കേരളം സാക്ഷ്യം വഹിച്ച വിപ്ലവകരമായ കുതിപ്പിന്റെ നിറവിലാണ് ഈ സർക്കാർ രണ്ടാം വാർഷികം ആഘോഷിക്കുന്നത്. ക്ഷേമരംഗത്ത് രാജ്യത്തിന് മാതൃകയെന്ന കേരളത്തിന്റെ സ്ഥാനം ഒന്നുകൂടി ഊട്ടിയുറപ്പിക്കപ്പെട്ടിരിക്കുന്നു. രാജ്യത്തെ ഏറ്റവും ബൃഹത്തായ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിത ദരിദ്രകുടുംബങ്ങൾക്കും വീടൊരുങ്ങുകയാണ്. ഭരണപരമായ കാര്യക്ഷമത ക്ഷേമ പ്രവർത്തനങ്ങൾക്ക് എന്നത്തേതിലും ആക്കം പകർന്നിരിക്കുന്നു. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണത്തിന്റെ പാതയിലാണ്. ജനകീയാസൂത്രണത്തിന്റെ ചരിത്രത്തിൽ ആദ്യമായി പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതിചെലവ് 90 ശതമാനത്തിനു മുകളിൽ എത്തിയിരിക്കുന്നു. സമഗ്ര സുസ്ഥിരവികസനത്തിന്റെ പാതയിലുള്ള ഈ സർക്കാരിന്റെ രണ്ടാം ചുവടിന് കരുത്തുപകർന്ന മുഴുവൻ വികസന പ്രവർത്തകരെയും അഭിനന്ദിക്കുന്നു. നേട്ടങ്ങളുടെ വെളിച്ചത്തിന് കൂടുതൽ തെളിച്ചം നൽകുന്നതാവട്ടെ മൂന്നാം വർഷത്തിലെ നമ്മുടെ പ്രവർത്തനങ്ങൾ.

ഡോ.കെ.ടി.ജലീൽ
തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം, വഖഫ്,
ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി



വിവേചനമില്ല സാങ്കേതികന്യൂനാമാലകളില്ല

51 ലക്ഷം പേർക്ക് ക്ഷേമ പെൻഷൻ

- 51 ലക്ഷം പേർക്ക് സാമൂഹ്യക്ഷേമ, ക്ഷേമനിധി പെൻഷൻ
  - ശയ്യാവലംബികളും രോഗികളുമുൾപ്പെടെ 21 ലക്ഷ പേർക്ക് പെൻഷൻ വീട്ടിലെത്തിക്കാൻ നടപടി
- 2016-17 ൽ വിതരണം ചെയ്തത് 3948.26 കോടി രൂപ
- 2017-18 ൽ നൽകിയത് 5107.29 കോടി രൂപ
- ഈ വിഷുവിന് വിതരണം ചെയ്തത് 2223 കോടി രൂപ
- കുറഞ്ഞ പെൻഷൻ തുക 1100 രൂപയാക്കി ഉയർത്തി

"ഇപ്പോൾ പെൻഷൻ വാങ്ങാൻ പോസ്റ്റോഫീസിലും ബാങ്കിലും ഒന്നും പോകേണ്ട. പെൻഷൻ കാശ് നേരിട്ട് വീട്ടിലെത്തുന്നു."






“
വിഷുവിന് 4400 രൂപ
വീതം പെൻഷൻ കിട്ടി.
ഒരു രൂപ പോലും
കുടിശ്ശികയില്ല.
”



ആറു വയസുകാരി
ലാവണ്യ പറയുന്നു

“എനിക്കും എന്റെ അമ്മയ്ക്കും നല്ലൊരു വീടു വേണം. മഴ പെയ്താൽ ചോരാത്ത വീട്”

സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ ലൈഫ്

നാല്പലക്ഷം കുടുംബങ്ങളുടെ
വീടെന്ന സ്വപ്നം നിറവേറുന്നു

രാജ്യത്തെ ഏറ്റവും ബൃഹത്തായ
സംസ്ഥാനാവിഷ്കൃത ഭവനപദ്ധതി







“കടം കയറി വീടുപണി മുടങ്ങി. ലൈഫ് പദ്ധതിയിൽ അധിക സഹായം കിട്ടിയപ്പോൾ വീട് പൂർത്തിയായി. ഒരിക്കലും നടക്കില്ലെന്ന് കരുതിയത്...”



എല്ലാവർക്കും വീട്

- 2018-19 ൽ ലൈഫ് പദ്ധതിയിൽ 2.5 ലക്ഷം പുതിയ വീടുകൾ
- ഒരു വീടിന് 4 ലക്ഷം രൂപ
- പ്രവൃത്തി മുടങ്ങിക്കിടന്ന 65,277 വീടുകൾക്ക് ലൈഫ് പദ്ധതിയിൽ അധികസഹായം. 33,000 വീടുകൾ പണി പൂർത്തീകരിച്ചു.
- പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ നല്കുന്നത് 2.5 ലക്ഷം രൂപയുടെ അധിക സഹായം.
- ഭൂരഹിത കുടുംബങ്ങൾക്ക് 14 ജില്ലകളിലും ഫ്ളാറ്റ് സമുച്ചയങ്ങൾ പണിയാൻ നടപടി

കേരളം
പാരിസ്ഥിതിക വിപ്ലവത്തിലേക്ക്

- 9187 കി. മീറ്റർ തോടുകൾക്ക് പുനർജനി
- 1620 കി. മീറ്റർ കനാലുകൾ ചളിയും മാലിന്യവും നീക്കി ശുചീകരിച്ചു
- 32,068 കിണറുകൾ റീചാർജ് ചെയ്തു
- 4,976 കുളങ്ങൾ നിർമ്മിച്ചു; 11,009 കുളങ്ങൾ നവീകരിച്ചു
- 1,47,239 ഏക്കർ വൃഷ്ടിപ്രദേശപരിപാലനം പൂർത്തീകരിച്ചു
- വരട്ടാർ പുനരുജ്ജീവിപ്പിച്ചു
- മീനച്ചിലാർ-മീനന്തലയാർ-കൊട്ടൂരാർ എന്നിവ പുന:സംയോജിപ്പിച്ചു
- കോലറയാർ, കുട്ടമ്പേത്തുർ പുഴ, വലിയതോട്, പള്ളിക്കലാർ, മാമ്പുഴ, തിരുർപുഴ, പൂന്തുർ പുഴ, കാനാമ്പുഴ, കിള്ളിയാർ എന്നിവ ശുചീകരിച്ചു







ഹരിതസമൃദ്ധിക്ക് നാടൊരുങ്ങുന്നു!

- കൃഷിക്കും ജലസംരക്ഷണത്തിനും സമഗ്ര നീർത്തട വികസന മാസ്റ്റർപ്ലാൻ
- നീർത്തടനടത്തത്തിലൂടെ വിവരശേഖരണം; പഞ്ചായത്തുകളിൽ സാങ്കേതിക സമിതികൾ
- പാലക്കാട്, കാസർകോട്, വയനാട്, പത്തനംതിട്ട, ഇടുക്കി എന്നീ വരൾച്ചബാധിത ജില്ലകൾക്ക് പ്രത്യേക ആക്ഷൻ പ്ലാൻ
- പാറമടകളിലെ ജലം കൃഷിക്കും വ്യവസായത്തിനും നിർമ്മാണ പ്രവൃത്തികൾക്കും ഉപയോഗിക്കാൻ പ്രത്യേക പദ്ധതി
- 30000 ഏക്കറിൽ അധിക നെൽകൃഷി
- 2000 ഏക്കർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി



ലക്ഷ്യം

തരിശ്ശുരഹിത കേരളം

30000 ഏക്കർ തരിശ്ശുനിലം

ഇപ്പോൾ പൊന്നുവിളയുന്ന പാടം

- മയ്യിൽ പഞ്ചായത്തിൽ 1457 ഏക്കർ
- കൊല്ലം വട്ടക്കായലിൽ 400 ഏക്കർ
- തഴവയിൽ 650 ഏക്കർ
- ആലപ്പുഴ കറ്റാനം-പൂവത്തൂർ പാടശേഖരത്തിൽ 108 ഏക്കർ
- എറണാകുളം ജില്ലയിലെ തോട്ടറ പുഞ്ചയിൽ 550 ഏക്കർ
- മലപ്പുറം ജില്ലയിലെ നീർവിളാകം പാടശേഖരത്തിൽ 200 ഏക്കർ
- ചാലിയാറിൽ 250 ഏക്കർ
- കണ്ണൂർ ജില്ലയിലെ ചക്കരക്കല്ലിൽ 77 ഏക്കർ
- മായം പഞ്ചായത്തിൽ 78 ഏക്കർ
- ആവളപ്പാണ്ടിയിൽ 1000 ഏക്കർ





“ഇത് ജൈവകൃഷിയാണ്. രാസവളമോ രാസകീടനാശിനിയോ ഉപയോഗിക്കുന്നില്ല.”

“സംഘകൃഷി തുടങ്ങിയതിൽ പിന്നെ കൂലിപ്പണിക്കു പോകേണ്ടി വന്നിട്ടില്ല. ഇതിൽ നിന്നു തന്നെ വരുമാനം കിട്ടുന്നു. സ്വന്തമായി കൃഷി ചെയ്യുന്നതിന്റെ സന്തോഷവും.”

ഹരിതകേരളത്തിന് ഒത്തൊരുമിച്ച്

- ജനകീയ യജ്ഞത്തിലൂടെ നട്ടത് 86 ലക്ഷം വൃക്ഷത്തൈകൾ; 2 കോടി തൈകൾ നടീലിന് തയ്യാർ
- വീട്ടുവളപ്പിലെ കൃഷിക്കു വേണ്ടി വിതരണം ചെയ്തത് 40 ലക്ഷം വിത്ത് കിറ്റുകൾ; 45.3 ലക്ഷം പച്ചക്കറി തൈകൾ
- ഒരു ബ്ലോക്കിൽ ഒന്നുവീതം 152 തരിശുരഹിത പഞ്ചായത്ത്; 152 ബ്ലോക്കുകളിൽ സമഗ്ര കാർഷിക വികസനത്തിന് പദ്ധതി
- 1000 ഹരിത ഗ്രാമങ്ങൾ; 1000 വാർഡുകളിൽ കാർഷികവികസനത്തിന് പ്രത്യേക പദ്ധതി
- റസിഡന്റ്സ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ പച്ചക്കറി വ്യാപനത്തിന് പദ്ധതി





“കരിക്കിന് പകരം കോള വാങ്ങിക്കുടിക്കുന്നത് നമ്മുടെ മനോഭാവത്തിന്റെ പ്രശ്നമാണ്; അത് മാറണം”

“നാട്ടിൽ ലഭ്യമായ വെള്ളം അശുദ്ധമായതു കൊണ്ടാണ് തിളപ്പിച്ചാറ്റി കുടിക്കേണ്ടി വരുന്നത്. വെള്ളം എവിടെയെല്ലാമുണ്ടോ അതെല്ലാം കുടിക്കാൻ കഴിയുന്ന വിധത്തിൽ ശുദ്ധമായിത്തീരുന്ന കേരളമാണ് എന്റെ സ്വപ്നം.”



മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

തൊഴിലുറപ്പു പദ്ധതിക്ക് പുതിയ ദിശാബോധം

- തൊഴിലുറപ്പു പദ്ധതിയിലെ ആളും അർത്ഥവും കേരളത്തിന്റെ ഹരിതസമൃദ്ധിക്ക്
- 2016-17 ൽ സൃഷ്ടിച്ചത് 684.62 ലക്ഷം തൊഴിൽ ദിനങ്ങൾ; ചെലവഴിച്ചത് 1908.32 കോടി രൂപ
- 2017-18 ൽ 619.51 ലക്ഷം തൊഴിൽ ദിനങ്ങൾ; 2422.85 കോടിയുടെ ചെലവ്
- കൂലിവിതരണത്തിലെ കാലതാമസം നീങ്ങി; 97.47 ശതമാനം തൊഴിലാളികൾക്കും 15 ദിവസത്തിനുള്ളിൽ കൂലി
- 3775 നഴ്സറികളിൽ വൃക്ഷത്തൈകൾ നടീലിന് തയ്യാർ

ഇതുപോലെ കേരളം മുഴുവൻ

കഠിനംകുളം പഞ്ചായത്തിലെ സ്ത്രീതൊഴിലാളികൾ നിർമ്മിച്ചത് 80 കുളങ്ങൾ;
90 സംഘകൃഷി ഗ്രൂപ്പുകൾക്ക് കാർഷിക ആവശ്യത്തിന് ജലം

കർഷകർ ചോദിക്കുന്നു:
കൃഷി ലാഭകരമായാൽ, എന്തിന് ഭൂമി തരിശിടണം?



മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം









- മനോഭാവം മാറ്റാൻ 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' ജനകീയ ക്യാമ്പയിൻ; 69 ലക്ഷം വീടുകളിൽ ജനകീയ സർവ്വെ
- 2 വർഷത്തിനുള്ളിൽ നിർമ്മിച്ചത് 2,05,000 ഗാർഹിക കക്കൂസുകൾ
- 3,14,000 വീടുകൾക്ക് മാലിന്യ സംസ്കരണോപാധികൾ
  - 6,100 ബയോഗ്യാസ് പ്ലാന്റുകൾ
  - 2,39,000 കമ്പോസ്റ്റിംഗ് യൂണിറ്റുകൾ
  - പ്രതിദിനം സംസ്കരിക്കുന്നത് 400 ടൺ ജൈവമാലിന്യം
  - 1042 തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ
  - 51 കമ്മ്യൂണിറ്റി ബയോഗ്യാസ് യൂണിറ്റുകൾ
  - 5 ദ്രവമാലിന്യ സംസ്കരണ യൂണിറ്റുകൾ
- 308 മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ
- 140 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ
  - 51 റീസൈക്ലിംഗ് യൂണിറ്റുകൾ
  - 119 പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റുകൾ
- 851 തദ്ദേശസ്ഥാപനങ്ങളിൽ ഹരിതകർമ്മസേനകൾ
- സംസ്കരിച്ച പ്ലാസ്റ്റിക് മാലിന്യം റോഡ് ടാറിംഗിന്
- സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹരിത പെരുമാറ്റച്ചട്ടം
- ഉത്സവങ്ങൾ, ആഘോഷങ്ങൾ, സമ്മേളനങ്ങൾ മുതലായവയ്ക്ക് ഹരിത ചട്ടം ബാധകമാക്കാൻ സംസ്ഥാനമൊട്ടാകെ ജനകീയ ക്യാമ്പയിൻ

മാലിന്യമകറ്റാൻ കർമ്മസേനകൾ

ശുചിത്വ ദൗത്യം ജനങ്ങൾ ഏറ്റെടുക്കുന്നു

സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് 850-ൽ അധികം ഹരിത കർമ്മസേനകൾ





ശുചിത്വത്തിലേക്ക് ഇനി

- നഗരസഭകളിൽ മാതൃകാ മാലിന്യരഹിത കേന്ദ്രങ്ങൾ
- പൊതുസ്ഥലങ്ങളിൽ കൂടുതൽ ശുചിമുറികൾ, ശുചിമുറി കേന്ദ്രങ്ങൾ
- പ്രധാന സർക്കാർ ആശുപത്രികളിൽ സമഗ്ര മാലിന്യസംസ്കരണ സംവിധാനം
- എല്ലാ പഞ്ചായത്തുകളിലും ദ്രവമാലിന്യസംസ്കരണ സൗകര്യം
- തെരഞ്ഞെടുത്ത 14 നഗരസഭകളിൽ സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതി
- കല്യാണ മണ്ഡപങ്ങൾക്കും ഹോട്ടലുകൾക്കും ശുചിത്വമോണിറ്ററിംഗും റേറ്റിംഗും
- കുടിവെള്ളത്തിന്റെ മേന്മ ഉറപ്പുവരുത്താൻ സ്കൂളുകളിൽ പരിശോധനാ സംവിധാനം
- സെപ്ടിക് മാലിന്യ സംസ്കരണത്തിന് 14 ജില്ലകളിലും യന്ത്രവൽകൃത സംവിധാനങ്ങൾ
- മുഴുവൻ സർക്കാർ ഓഫീസുകളും ഗ്രീൻ പ്രോട്ടോക്കോൾ പരിധിയിൽ
- എല്ലാ ജില്ലകളിലും സ്വാപ് ഷോപ്പുകൾ



അജൈവമാലിന്യം ഇനി സ്വത്ത്

കേരളം ക്ലീനാക്കാൻ ക്ലീൻ കേരള





- അജൈവമാലിന്യസംസ്കരണത്തിന് സാങ്കേതിക സഹായവും മേൽനോട്ടവും നൽകാൻ ക്ലീൻ കേരള കമ്പനി.
- സംസ്കരിക്കുന്നത് പ്ലാസ്റ്റിക് മാലിന്യങ്ങളും അപകടകരമായ അജൈവമാലിന്യങ്ങളും ഇ-മാലിന്യങ്ങളും
- ഇതുവരെ ശേഖരിച്ചത് ലോഗ്രേഡ് പ്ലാസ്റ്റിക് ഉൾപ്പെടെ 200 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ, 1064 ടൺ ഇ - മാലിന്യങ്ങൾ.
- മാലിന്യം ശേഖരിക്കുന്നത് വില നൽകി
- റോഡ് നിർമ്മാണത്തിന് ബിറ്റുമിനോടൊപ്പം ഇനി പ്ലാസ്റ്റിക്കും
- നഗരകേന്ദ്രങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നു



പൊതുവിദ്യാലയങ്ങൾ
മികവിന്റെ കേന്ദ്രങ്ങളാവുന്നു



- പൊതുവിദ്യാലയങ്ങളുടെ വികസനത്തിന് തദ്ദേശ സ്ഥാപനങ്ങളിൽ മാസ്റ്റർപ്ലാനുകൾ
- വിദ്യാലയങ്ങളുടെ സമഗ്ര വികസനത്തിന് പദ്ധതി
  - 220 ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾക്ക് രണ്ടു കോടി രൂപ വീതം
  - 140 ഹൈസ്കൂളുകൾക്ക് അഞ്ചു കോടി വീതം.
  - 640 എൽ.പി., യു.പി. സ്കൂളുകൾക്ക് 1 കോടി വീതം
  - 1,000 ലാബുകൾ നവീകരിക്കാൻ എട്ടു ലക്ഷം വീതം
  - പതിനായിരം ജൈവ വൈവിധ്യ ഉദ്യാനങ്ങൾ, ടാലന്റ് പാർക്കുകൾ എന്നിവ സ്ഥാപിക്കാൻ 1.5 ലക്ഷം വീതം
  - 140 സ്കൂളുകൾക്ക് കലാ, കായിക, സാംസ്കാരിക പാർക്കുകൾക്ക് 1 കോടി വീതം
  - 140 നീന്തൽക്കുളങ്ങൾ നിർമ്മിക്കാൻ 20 ലക്ഷം വീതം
  - എൽ.പി., യു.പി. സ്കൂളുകളിൽ കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്താൻ 2.1 ലക്ഷം വീതം
  - 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കാൻ ഒരു ലക്ഷം രൂപ വീതം
- സ്കൂളുകളിൽ ബ്രോഡ്ബാൻഡ് കണക്ടിവിറ്റി
- അക്കാദമിക് മോണിറ്ററിങ്ങിന് സമ്പൂർണ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം
- വിദ്യാലയങ്ങൾക്ക് ഗ്രീൻ പ്രോട്ടോകോൾ





"അധ്യയന-കലാ-കായിക മേഖലയിൽ സംസ്ഥാനത്തെ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തും"











ആർദ്രം തണലാവുന്നു



"ആരോഗ്യമേഖലയിൽ സമഗ്ര മാറ്റത്തിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ് "

- ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികൾ
- ആശുപത്രി ഭരണസമിതി, ശുചിത്വ കമ്മിറ്റി തുടങ്ങി വയിൽ കൂടുതൽ പൊതുജനപങ്കാളിത്തം
- സേവന നിലവാരം ഉറപ്പുവരുത്താൻ ജനകീയ കമ്മിറ്റികൾ
- ആരോഗ്യ കേന്ദ്രങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുങ്ങുന്നു.
- പ്രാഥമിക ചികിത്സാ കേന്ദ്രങ്ങൾ കുടുംബ ചികിത്സാ കേന്ദ്രങ്ങളായി മാറുന്നു - ആദ്യ ഘട്ടത്തിൽ 170 കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നു
- ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം - ഉച്ചവരെയുണ്ടായിരുന്ന OP വൈകുന്നേരം 6 മണി വരെ
- ഒഴിവുകൾ ഉടൻ നികത്തുന്നു -4219 പുതിയ തസ്തികകൾ സൃഷ്ടിച്ചു
- ജില്ല, താലൂക്ക് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഒരുങ്ങുന്നു.

ലോകം പറയുന്നു ; ഇതാണ് സ്ത്രീശക്തിയുടെ മാതൃക

കേരളത്തിന്റെ കുടുംബശ്രീ ഇനി ഇന്ത്യയുടെ ശ്രീ

ഇന്ത്യയിലെ 16 സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തും കുടുംബശ്രീ പ്രവർത്തനം തുടങ്ങി. തദ്ദേശസ്വയംഭരണവും സാമൂഹിക ശാക്തീകരണവും സംയോജിപ്പിക്കുക ലക്ഷ്യം.

- രാജ്യത്ത് ഒന്നാമത് -
  - ദേശീയ നഗര ഉപജീവനദൗത്യം ദേശീയ പുരസ്കാരം സമ്മാനത്തുക 6 കോടി രൂപ
  - നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ ദേശീയ പുരസ്കാരം
  - ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശൽ യോജന ദേശീയ പുരസ്കാരം
  - സ്വച്ഛതാ എക്സലൻസി പുരസ്കാരം
- 2017-18 ൽ കുടുംബശ്രീക്ക് സംസ്ഥാനബജറ്റിൽ നൽകിയത് 161 കോടി രൂപ. 2018-19 ലെ വിഹിതം 200 കോടി



സ്ത്രീക്കും ഇടം

- കൊച്ചി മെട്രോയിൽ കുടുംബശ്രീയുടെ ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ- 720 കുടുംബശ്രീ വനിതകൾക്ക് തൊഴിൽ
- ടിക്കറ്റിംഗ്, കസ്റ്റമർ കെയർ സർവ്വീസ്, ഹെൽപ്പ് ഡെസ്ക്, കസ്റ്റമർ ഫെസിലിറ്റേഷൻ സർവ്വീസ്, പൂന്തോട്ട നിർമ്മാണം, ക്ലീനിങ്, ഹൗസ് കീപിങ് - എല്ലായിടത്തും വനിതകൾ
- വൈറ്റില മൊബിലിറ്റി ഹബ്ബിലും കുസാറ്റിലും കുടുംബശ്രീ ഫെസിലിറ്റി മാനേജ്മെന്റ് - കുടുംബശ്രീ വനിതകൾക്ക് തൊഴിൽ



ഉറപ്പാക്കാം സുരക്ഷ

- സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയാൻ 14 ജില്ലകളിലും സ്നേഹിത കേന്ദ്രങ്ങൾ
- സ്ത്രീ സുരക്ഷാ ബോധവൽക്കരണത്തിന് 14 ജില്ലകളിലും നീതം ക്യാമ്പയിൻ
- ഭിന്നലിംഗക്കാർക്ക് പ്രത്യേക അയൽക്കൂട്ടങ്ങൾ
- കുടുംബശ്രീ ആസ്ഥാനത്ത് സംസ്ഥാന ജന്റർ റിസോഴ്സ് സെന്റർ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 126 ജന്റർ റിസോഴ്സ് സെന്ററുകൾ
- ബ്ലോക്കുകളിൽ 75 കൗൺസലിങ് സെന്ററുകൾ
- 16,922 വാർഡുകളിൽ വിജിലന്റ് ഗ്രൂപ്പുകൾ
- കോഴിക്കോടും തിരുവനന്തപുരത്തും കുടുംബശ്രീ ഷീ ലോഡ്ജുകൾ
- മറ്റ് നഗരങ്ങളിലും ഷീ ലോഡ്ജുകൾ ഉറക്കും







സൂക്ഷ്മസംരംഭ വിപ്ലവത്തിന്റെ പാതയിൽ

- 2017-18 ൽ 480 കോടി രൂപയുടെ കുടുംബശ്രീ ലിങ്കേജ് വായ്പ
  - പുതുതായി 15,067 അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ്
  - ആകെ 1,96,067 അയൽക്കൂട്ടങ്ങൾക്ക് വായ്പ ലിങ്കേജ്
- ഏല്ലാ ജില്ലയിലും ഒരു ബ്ലോക്കിൽ വീതം സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം
  - ഓരോ ബ്ലോക്കിലും ഒരു വർഷത്തിനുള്ളിൽ 500 വീതം സൂക്ഷ്മ സംരംഭങ്ങൾ-75.5 കോടി രൂപയുടെ പദ്ധതി





- പശുവളർത്തൽ സംഘങ്ങളെ സഹായിക്കാൻ, സപ്പോർട്ട് ഫോർ കോമൺ ഇന്ററസ്റ്റ് ഗ്രൂപ്സ്
  - 1 ലക്ഷം രൂപ വീതം നൽകിയത് 900 ഗ്രൂപ്പുകൾക്ക്
- 2017-18 ൽ നഗരമേഖലകളിൽ 715 പുതിയ കുടുംബശ്രീ സംരംഭങ്ങൾ; ആകെ 2850 സംരംഭങ്ങൾ
- ആയിരത്തിലേറെ കുടുംബശ്രീ കേറ്ററിംഗ് യൂണിറ്റുകൾ
  - 2017-18ൽ 80 ൽ അധികം ഭക്ഷ്യമേളകൾ
  - 5 കോടിയിലേറെ വിറ്റുവരവ്
- എല്ലാ ജില്ലകളിലും കുടുംബശ്രീ സൂപ്പർമാർക്കറ്റുകൾ തുടങ്ങാൻ പദ്ധതി

2

വിഷമില്ലാതെ വിളയുന്നു വിശ്വസിക്കാം വീടുപോലെ

- 60000 സംഘകൃഷി ഗ്രൂപ്പുകൾ മുഖേന 50,234 ഏക്കർ സ്ഥലത്ത് കൃഷി; കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നത് 3 ലക്ഷം കുടുംബശ്രീ വനിതകൾ
- 2017-18 ൽ കുടുംബശ്രീ സംഘങ്ങൾ വിറ്റഴിച്ചത് 11,634 ടൺ പച്ചക്കറി
- കുടുംബശ്രീ കർഷകർ ഉൽപ്പാദിപ്പിക്കുന്ന അരി ബ്രാന്റ് ചെയ്ത് വിപണിയിൽ
- സംഘകൃഷി ഗ്രൂപ്പുകളുടെ സഹായത്തിനായി, 650 മാസ്റ്റർ കർഷകരെ ഉൾപ്പെടുത്തി ജീവ ടീം
- 450 സ്ഥിരം കുടുംബശ്രീ നാട്ടുചന്തകൾ. കൃഷിവകുപ്പുമായി ചേർന്ന് 450 നാട്ടുചന്തകൾ; കുടുംബശ്രീ കർഷകർ ഉൽപ്പാദിപ്പിച്ച പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയ്ക്ക് കൂടുതൽ ആവശ്യക്കാർ








- ന്യായവിലയ്ക്ക് ഗുണനിലവാരമുള്ള കോഴിയിറച്ചിയുമായി കുടുംബശ്രീ കേരള ചിക്കൻ
- മൃഗസംരക്ഷണ വകുപ്പ്, കെപ്കോ എന്നിവയുമായി സഹകരിച്ച് ചിക്കൻ സ്റ്റാളുകൾ; 485 കുടുംബശ്രീ പ്രവർത്തകർ രംഗത്ത്
- ആദ്യ ഹാച്ചറി യൂണിറ്റ് കൊല്ലത്ത്; കൂടുതൽ യൂണിറ്റുകൾ തുടങ്ങാൻ പദ്ധതി
- 2018-19 ൽ 1000 ബ്രോയിലർ ചിക്കൻ യൂണിറ്റുകൾ ലക്ഷ്യം
- കുടുംബശ്രീ ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകളിൽ കുറഞ്ഞ വിലയ്ക്ക് ജനറിക് മരുന്നുകൾ
- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കുടുംബശ്രീ ജൻ ഔഷധി സ്റ്റോറുകൾ തുറക്കാൻ പദ്ധതി







വേറിട്ട സംരംഭങ്ങൾ









- ഇടുക്കിയിൽ മൊബൈൽ ക്രിമറ്റോറിയം
- കോഴിക്കോട് മിഠായി തെരുവിൽ ബഗി സർവ്വീസ്
- തിരുവനന്തപുരത്ത് മൊബൈൽ വെറ്ററിനറി ഡിസ്പെൻസറി
- കോട്ടയത്ത് ഗ്രീൻബൈറ്റ്സ്
- കാസർകോട് എൽ.ഇ.ഡി.ബൾബ്, വഴിവിളക്ക് അറ്റകുറ്റപ്പണി യൂണിറ്റ്
- തൃശ്ശൂരിൽ കുടുംബശ്രീ മാടിമോണി
- എറണാകുളത്ത് ബുള്ളറ്റ് വർക്ക്ഷോപ്പ്
- തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ കുടുംബശ്രീ മെഡിക്കൽ ലാബുകൾ
- പാലക്കാടും കണ്ണൂരും കിണർ റീചാർജിംഗ് യൂണിറ്റുകൾ
- ഇടുക്കിയിൽ പവർ ലോൺഡ്രി
- കൊല്ലത്ത് ഹാച്ചറി യൂണിറ്റ്
- പത്തനംതിട്ടയിൽ നൃത്തവിദ്യാലയം
- വിവിധ ജില്ലകളിൽ നിർമ്മാണത്തൊഴിൽ യൂണിറ്റുകൾ
- തെരുവു നായ്ക്കളെ വന്ധ്യംകരിക്കാൻ കുടുംബശ്രീ സംഘങ്ങളുടെ സഹായം









200 ബഡ്സ് സ്കൂളുകൾ കൂടി

- മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു വേണ്ടി 200 ബഡ്സ് സ്കൂളുകൾ കൂടി; നിലവിൽ പ്രവർത്തിക്കുന്നത് 181 സ്ഥാപനങ്ങൾ
- ബഡ്സ് കുട്ടികൾക്കു വേണ്ടി സംസ്ഥാന ബഡ്സ് കലാമേള

ആദിവാസി സമൂഹം മുഖ്യധാരയിലേക്ക്

- 2017-18-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയത് 175.58 കോടി രൂപയുടെ പട്ടികവർഗ്ഗ വികസന പദ്ധതികൾ
- അട്ടപ്പാടിയിലെ 120 ഊരുകളിൽ ബാലവിജ്ഞാൻ ലൈബ്രറികൾ
- വിദ്യാഭ്യാസം മുടങ്ങിയ കുട്ടികൾക്കു വേണ്ടി ആദിവാസി മേഖലയിൽ ബ്രിഡ്ജ് സ് ക്ലാസുകൾ
- അട്ടപ്പാടിയിലെയും വയനാട്ടിലെയും ആദിവാസി ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചൻ
  - 16615 ഗുണഭോക്താക്കൾ
- വയനാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ ആദിവാസികൾക്കായി അട്ടപ്പാടി മാതൃകയിൽ പ്രത്യേക പദ്ധതി
- ആദിവാസി യുവജനങ്ങൾക്ക് നൈപുണ്യപരിശീലനം
- പരമ്പരാഗത ഉപജീവനോപാധികൾക്ക് പ്രത്യേക പ്രോത്സാഹനം









അഗതിരഹിത കേരളം

അശരണർക്കും നിരാലംബർക്കും കൈത്താങ്ങ്

- ആശ്രയ പുനസംഘടിപ്പിച്ച് പുതിയ പദ്ധതി - അഗതിരഹിത കേരളം
- 1.78 ലക്ഷം ഗുണഭോക്താക്കൾ
- പുനരധിവാസത്തിന് സമഗ്രപാക്കേജ്
- നഗരങ്ങളിലെ രാത്രികാല സർവ്വേയിലൂടെ കണ്ടെത്തിയ 3195 പേർക്ക് അഭയ കേന്ദ്രങ്ങൾ നിർമ്മിക്കാൻ പദ്ധതി

ന്യൂനപക്ഷ ക്ഷേമത്തിന്





- ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ
- വഖഫ് ബോർഡ് നിയമനങ്ങൾ പിഎസ്സിക്കു വിടാൻ പിഎസ്സി റഗുലേറ്ററി ഓർഡിനൻസ്
- മദ്രസാധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരണത്തിന് ബിൽ തയ്യാറാവുന്നു.
- ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹപൂർവ്വ കൗൺസലിങ്ങിന് പദ്ധതി
- പോളിടെക്നിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് വരുന്നു
- കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിൽ മൈനോറിറ്റി സ്റ്റഡി സെന്റർ തുടങ്ങാൻ ബഡ്ജറ്റിൽ തുക





നന്മകേരളത്തിലേക്ക് 2

അടിസ്ഥാനസൗകര്യ വികസനത്തിൽ കുതിപ്പ്

- 3460 കി.മീറ്റർ പുതിയ ടാർ റോഡുകൾ - 452 കോടി രൂപ ചെലവ്
- 2984 കി.മീറ്റർ പുതിയ കോൺക്രീറ്റ് റോഡുകൾ - 1072 കോടി ചെലവ്
- 8598 കി.മീറ്റർ റോഡുകളുടെ പുനരുദ്ധാരണം - ചെലവ് 838 കോടി രൂപ
- 1861 സ്മാർട്ട് ക്ലാസ് മുറികൾ - 74 കോടി രൂപ
- 3142 അംഗൻവാടികൾ - 117 കോടി രൂപ
- 3476 കുടിവെള്ള പദ്ധതികൾ - 124 കോടി രൂപ
- തൊഴിലുറപ്പ് പദ്ധതിയിൽ 16915 ഗ്രാമപാതകൾ, 152 ഗ്രാമീണ സ്റ്റേഡിയങ്ങൾ
- പി.എം.ജി.എസ്.വൈയിൽ 677 കി.മീറ്റർ ഗ്രാമീണ കണക്ടിവിറ്റി റോഡുകൾ







തദ്ദേശമിത്രം
(2012-18)

നിർമ്മാണങ്ങൾ

മാർക്കറ്റുകൾ	158
സ്റ്റേഡിയം	92
ബസ് വെയിറ്റിംഗ് ഷെഡ്	383
കുട്ടികളുടെ പാർക്ക്	41
നീന്തൽക്കുളം	5
കുളങ്ങൾ/ടാങ്ക്/കിണറുകൾ/ കനാലുകൾ	427
ചെക്ക് ഡാമുകൾ	65
ശ്മശാനം/ക്രിമറ്റോറിയം	139
അറവുശാല	4
റോഡുകൾ	
(i) പുതിയത്	4419
(ii) മെയിന്റനൻസ്	2740
കലുങ്കുകൾ/പാലങ്ങൾ	715
മഴവെള്ള ഓടകൾ	412

കെട്ടിടങ്ങൾ

അംഗനവാടികൾ	1583
സ്കൂൾ കെട്ടിടങ്ങൾ	444
പഞ്ചായത്ത്/മുനിസിപ്പൽ ഓഫീസ് കെട്ടിടങ്ങൾ	1422
തദ്ദേശസ്ഥാപന കെട്ടിടങ്ങളുടെ നവീകരണം	1423
ആശുപത്രികൾ	709
ടോയ്‌ലറ്റുകൾ	174
ലൈബ്രറി കെട്ടിടങ്ങൾ	81
മറ്റു കെട്ടിടങ്ങൾ	1200

മറ്റു പദ്ധതികൾ

ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ	85
വൈദ്യുതീകരണം	748
വാങ്ങലുകൾ	2088
ബയോഗ്യാസ്	6
തെരുവു വിളക്കുകൾ/ ഹൈമാസ്റ്റ്/സോളാർ തുടങ്ങിയവ	1367
കടത്ത് പ്രവർത്തനവും പരിപാലനവും	7
കുടിവെള്ള വിതരണം	1350
ആധുനികവൽക്കരണത്തിനുള്ള സാമഗ്രികൾ	1541
മറ്റുള്ളവ	1873







നഗരങ്ങളുടെ മുഖച്ഛായ മാറുന്നു

- നഗരവികസനത്തിന് സമഗ്ര മാസ്റ്റർപ്ലാൻ തയ്യാറാകുന്നു.
- അമൃത് നഗരം പദ്ധതിയിൽ 379 പ്രോജക്ടുകൾ - അടങ്കൽ 2357.69 കോടി.
  മുഴുവൻ പ്രോജക്ടുകൾക്കും അംഗീകാരം
- തിരുവനന്തപുരവും കൊച്ചിയും സ്മാർട്ട് സിറ്റി പദ്ധതിയിൽ
- 2017-18-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയത് 1550.27 കോടി രൂപയുടെ നഗരവികസന പ്രോജക്ടുകൾ

സുതാര്യം ജനസൗഹൃദം
കാര്യക്ഷമം

- അഴിമതിരഹിത സേവനത്തിനും കാര്യക്ഷമതയ്ക്കും ഊന്നൽ
- പരാതി പരിഹാരത്തിന് ഓൺലൈൻ സംവിധാനം - ഫോർ ദി പീപ്പിൾ
- പഞ്ചായത്ത് വകുപ്പിൽ 448 പുതിയ തസ്തികകൾ
  - 1000 ത്തിലധികം പി.എസ്.സി നിയമനങ്ങൾ
  - 2485 സ്ഥാനക്കയറ്റ നിയമനങ്ങൾ
  - ഒഴിഞ്ഞു കിടന്ന ജില്ലാ ഓഫീസർ തസ്തികകളിൽ 5 വർഷത്തിനുശേഷം നിയമനം
- എഞ്ചിനീയറിംഗ് വിഭാഗത്തിൽ 782 ഓവർസിയർമാർക്കും 132 അസി. എഞ്ചിനീയർമാർക്കും പുതുതായി പി.എസ്.സി നിയമനം. 8 വർഷമായി മുടങ്ങിക്കിടന്ന ഉയർന്ന തസ്തികകളിൽ സ്ഥാനക്കയറ്റനിയമനം
- നഗരകാര്യവകുപ്പിൽ 1494 പുതിയ തസ്തികകൾ
- മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർക്ക് വേതനപരിഷ്കരണം, ഭവനവായ്പാ പദ്ധതി, ദിവസവേതനം 620 രൂപയാക്കി.
- സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻമാർ, ശിശുമന്ദിരങ്ങളിലെ ടീച്ചർമാർ, ആയമാർ എന്നിവർക്ക് ശമ്പളവർദ്ധനവ്
  - 2050-ൽ നിന്ന് 12000 രൂപയാക്കി, 1400-ൽ നിന്ന് 8000 രൂപയാക്കി
- പാർട്ട് ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തിയ ലൈബ്രേറിയന്മാർ, നേഴ്സറി ടീച്ചർമാർ, ആയമാർ എന്നിവർക്ക് ഓണറേറിയം കാലഘട്ടം പരിഗണിച്ച് പെൻഷൻ
- പഞ്ചായത്ത് ഡയറക്ടറേറ്റ്, ജില്ലാഓഫീസുകൾ എന്നിവ ISO നിലവാരത്തിലേക്ക്
- ഗ്രാമപഞ്ചായത്തുകളെ ISO നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി
- അയ്യൻകാളി തൊഴിലുറപ്പു പദ്ധതിയിലെ കരാർ ജീവനക്കാർക്ക് ശമ്പള വർദ്ധന
  - അസി. എഞ്ചിനീയർമാരുടെ ശമ്പളം 12000-ൽ നിന്ന് 25000 രൂപയാക്കി
  - ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓവർസിയർ എന്നിവരുടേത് 10000 ൽ നിന്ന് 18500 രൂപയാക്കി.



- ഐ.കെ.എം. ജീവനക്കാർക്ക് വേതന പരിഷ്കരണം
- കെട്ടിടനിർമ്മാണചട്ടങ്ങളിൽ ഭേദഗതി
- നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാൻ ജില്ലാ ഓഫീസുകൾക്ക് അധികാരം
- ഗുരുതര ചട്ടലംഘനങ്ങൾ ഇല്ലാത്ത കെട്ടിടങ്ങൾക്ക് ഫൈൻ ഈടാക്കി കെട്ടിട നമ്പർ, വൈദ്യുതി- കുടിവെള്ള കണക്ഷൻ മുതലായ സർക്കാർ സേവനങ്ങൾക്ക് അനുമതി
- ലൈസൻസുകൾക്കുള്ള നടപടിക്രമങ്ങൾ ലളിതമാക്കി
- നഗര-ഗ്രാമാസൂത്രണ നിയമത്തിൽ ഭേദഗതിക്ക് നടപടി

ഇ-സാങ്കേതിക വിദ്യയിലൂടെ കാര്യക്ഷമതയും സുതാര്യതയും



- ഇ- ഗവേണൻസിന് ഇൻഫർമേഷൻ കേരള മിഷന്റെ പരിഷ്കരിച്ച സോഫ്റ്റ്വെയറുകൾ; പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം
- വിനോദ നികുതി പിരിവിനും സാംസ്കാരിക ക്ഷേമനിധി സെസിനും ഇ-ടിക്കറ്റിങ് സോഫ്റ്റ്വെയർ
- 941 ഗ്രാമപഞ്ചായത്തുകളിലും വസ്തുനികുതി ഇ-പേയ്മെന്റ്
- വസ്തുനികുതി പിരിവിൽ സർവ്വകാല റെക്കോർഡ്; 185 ഗ്രാമപഞ്ചായത്തുകൾക്ക് 100 ശതമാനം.
- വസ്തുനികുതി ഡാറ്റാ എൻട്രിയിലെ തെറ്റുകൾ തിരുത്താൻ സഞ്ചയ പൂരിഫിക്കേഷൻ മൊഡ്യൂൾ
- സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിന് ഇ-സംവിധാനം
- നഗരസഭാ ജീവനക്കാരുടെ സ്ഥലംമാറ്റ നിയമനത്തിന് ട്രാൻസ്ഫർ & പോസ്റ്റിംഗ് ആപ്ലിക്കേഷൻ
- ഗ്രാമസഭാ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും കാര്യക്ഷമവുമാക്കാൻ ഗ്രാമസഭാ പോർട്ടൽ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ പ്രവർത്തനങ്ങളും ഒറ്റ ലോഗിനിലൂടെ കൈകാര്യം ചെയ്യാൻ ERP (എന്റർപ്രൈസ് റിസോഴ്സ് പ്ലാൻ ആപ്ലിക്കേഷൻ)
- നഗരഗ്രാമാസൂത്രണ വകുപ്പിലെ എല്ലാ ജില്ലാ ഓഫീസുകളിലും ഇ-ഓഫീസ് സോഫ്റ്റ്വെയർ
- അമൃത് പദ്ധതിയിലെ മാസ്റ്റർപ്ലാനുകൾ ജനങ്ങളിലെത്തിക്കാൻ ഇന്റർനെറ്റ് മാപ് സെർവർ, ജി.ഐ.എസ്
- കൊച്ചി സ്മാർട്ട് സിറ്റി മിഷൻ കൊച്ചി വാൻ സ്മാർട്ട് കാർഡും മൊബൈൽ ആപ്പും
- ഗവേഷണ-പരിശീലന കേന്ദ്രമായ KILA അന്താരാഷ്ട്ര നിലവാരത്തിലേക്ക്. മറ്റ് പരിശീലന കേന്ദ്രങ്ങൾ ഇനി കിലയുടെ റീജിയണൽ സെന്ററുകൾ
- ഡിജിറ്റൽ ഗ്രന്ഥങ്ങളും ഡിജിറ്റൽ ജേർണലുകളുമടങ്ങുന്ന KILA ഇ-ലൈബ്രറി
- പരിശീലനങ്ങൾക്ക് വർച്വൽ ക്ലാസ് റൂം സംവിധാനം
- ഡിജിറ്റൽ വിവരങ്ങൾ കൈകാര്യം ചെയ്യാൻ ഡി-സ്പേസ് കോൺഫിഗറേഷൻ സോഫ്റ്റ്വെയർ
- കിലയിൽ കംപ്യൂട്ടറൈസ്ഡ് ഹെൽപ്ഡെസ്ക്
- കിലയെ പേപ്പർരഹിത ഓഫീസാക്കാൻ കോകില സോഫ്റ്റ്വെയർ

വാർത്തകളിലേക്ക് 2



ചരിത്രത്തിൽ ആദ്യമായി
90 ശതമാനത്തിനു മുകളിൽ പദ്ധതിനിർവ്വഹണം

- 2017-18 പദ്ധതി നിർവ്വഹണത്തിൽ സർവ്വകാല റെക്കോർഡ് - 90.13 ശതമാനം വിനിയോഗം. 6194.65 കോടി രൂപയിൽ 5583.35 കോടിയും മാർച്ച് 31 ന് മുമ്പ് ചെലവഴിച്ചു
- 7 നഗരസഭകൾക്കും 186 ഗ്രാമപഞ്ചായത്തുകൾക്കും 8 ബ്ലോക്ക് പഞ്ചായത്തുകൾക്കും കൊല്ലം കോർപ്പറേഷനും ഒറുമേനി
- 287 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 90 ശതമാനത്തിനു മുകളിൽ ചെലവ്
- ഗ്രാമപഞ്ചായത്തുകൾക്ക് 96.07 ശതമാനം, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 88.07, ജില്ലാ പഞ്ചായത്തുകൾക്ക് 71.5, മുനിസിപ്പാലിറ്റികൾക്ക് 88.94, കോർപ്പറേഷനുകൾക്ക് 83.80 ശതമാനം
- പദ്ധതിനിർവ്വഹണത്തിന് 10 മാസം ലഭിച്ചത് ജനകീയാസൂത്രണത്തിന്റെ ചരിത്രത്തിൽ ആദ്യം
- 2018-19 ൽ ബഡ്ജറ്റ് വിഹിതം 10779.59 കോടി; നിർവ്വഹണത്തിന് 12 മാസം, ലക്ഷ്യം 100 % നേട്ടം



കെട്ടുറപ്പുള്ള ഒരൊറ്റ വകുപ്പ്

"തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ അഞ്ചുവകുപ്പുകൾ പ്രത്യേകം പ്രത്യേകം പ്രവർത്തിക്കേണ്ട ആവശ്യമില്ല. ജീവനക്കാരുടെ ഏകോപനം മാത്രമല്ല, പദ്ധതികളുടെ ഏകോപനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലുള്ള ഏകോപനവും കൂടി സാധ്യമാക്കാനാണ് തദ്ദേശസ്വയംഭരണ സർവ്വീസിന് രൂപം നല്കാൻ തീരുമാനിച്ചത് ".



ലോക്കൽ ഗവൺമെന്റ് കമ്മീഷൻ റിപ്പോർട്ട് മന്ത്രി ഡോ. കെ.ടി. ജലീൽ സ്വീകരിക്കുന്നു

പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പുകളുടെ ഏകീകരണത്തിന് കരട് ചട്ടം തയ്യാറായി.

തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നിലവിൽ വന്നു

പ്രാദേശിക ഭരണത്തിന് മികച്ച ഏകോപനം കൂടിയ കാര്യക്ഷമത

ഉദ്യോഗസ്ഥ ക്ഷാമത്തിന് പരിഹാരം, സ്ഥലം മാറ്റത്തിനും സ്ഥാനക്കയറ്റത്തിനും കൂടുതൽ അവസരങ്ങൾ

“
സുസ്ഥിര വികസനത്തിന്റെ പുതിയ കാഴ്ച്ചപ്പാടിലേക്ക്
നാടിന്റെ വികസന മുൻഗണനകൾ മാറുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ
ഈ മാറ്റത്തിന് നായകത്വം വഹിക്കുന്നത് അഭിമാനകരമാണ്.
പ്രാദേശിക സർക്കാരുകൾക്കു കീഴിൽ ഉദ്യോഗസ്ഥരും വികസനപ്രവർത്തകരും
നാടിന്റെ നന്മയാഗ്രഹിക്കുന്ന എല്ലാ വിഭാഗം ജനങ്ങളും
ഒത്തൊരുമിച്ചു നിന്നാൽ വരും വർഷം
ഇനിയും മികച്ച നേട്ടങ്ങൾ നമുക്ക് സ്വന്തമാക്കാം.
കേരളത്തിലെ തദ്ദേശസ്വയംഭരണം ചുവടുറപ്പോടെ നീങ്ങുകയാണ്;
നേട്ടങ്ങളിൽ നിന്ന് നേട്ടങ്ങളിലേക്ക്.
”



ഇനി മൂന്നാം ചുവട്

നവകേരളത്തിലേക്ക്

2

ശരിയായ ദിശയിൽ നമ്മുടെ സർക്കാർ

വികസനത്തിന്റെ, പ്രതിബദ്ധതയുടെ,
ജനക്ഷേമത്തിന്റെ 2 വർഷങ്ങൾ

അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
തൃശ്ശൂർ